**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആഷ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംരംഭങ്ങളാണ് ആരംഭിച്ചത്; ഇവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (എ) | ആഷാ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 22 സംരംഭങ്ങളാണ് ആരംഭിച്ചത്. ഇവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ SMSM ഇൻസ്റ്റിറ്റ്യൂട്ട് വഴി വിപണന സൗകര്യം ഒരുക്കിയിട്ടുണ്ട്. കരകൗശല വ്യവസായ സഹകരണ സംഘങ്ങളുടെ അപ്പക്സ് സൊസൈറ്റി ആയ ' സുരഭിയും' അവരുടെ വിപണന കേന്ദ്രങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ ടൂറിസം ഡിപ്പാർട്ട്മെന്റിന് കീഴിൽ കോവളം വെള്ളാർ പ്രവർത്തിക്കുന്ന ' ക്രാഫ്റ്റ് വില്ലേജിലും' കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രദർശന ത്തിനും ഉള്ള സ്റ്റുഡിയോകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നേരിട്ട് നടത്തുന്ന പ്രദർശന വിപണന മേളകളിലും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പ്രദർശിപ്പിക്കുന്ന തിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ